# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026



## ഗവ . ട്രൈബൽ എൽ.പി സ്കൂൾ നാളിയാനി

# വെളിച്ചം

## 2025-2026




പ്രവേശനോൽസവം






പി. റ്റി. എ പൊതുയോഗം






മൽസ്യം വളർത്തൽ




## “അറിവാണ് ശക്തി “
## “അറിവാണ് അമൂല്യമായ സമ്പത്ത്”

# സ്കൂൾ വിവരങ്ങൾ

- സ്കൂളിന്റെ പേര് : ജി. റ്റി. എൽ. പി. എസ് നാളിയാനി
- മേൽവിലാസം : കൂവക്കണ്ടം പി ഓ , ഇടുക്കി ജില്ല
- പിൻകോഡ് : 685588
- ഫോൺ നമ്പർ : 9946919345 , 04862-282133
- ഇ-മെയിൽ : gnaliyani@gmail.com
- റവന്യു ജില്ല : ഇടുക്കി
- സ്കൂൾ കോഡ് : 29317
- വിദ്യാഭ്യാസ ജില്ല : തൊടുപുഴ
- സബ് ജില്ല : തൊടുപുഴ
- ക്ലാസ്സുകൾ : 1 to 4
- ഗ്രാമപഞ്ചായത്ത് : വെള്ളിയാമറ്റം
- മാനേജ്മെന്റ് : ഗവൺമെന്റ്
- പഠന മാധ്യമം : മലയാളം

# ആമുഖം

കേരളത്തിലെ ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ , വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിൽ നാളിയാനി എന്ന കൊച്ചു ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന സ്കൂൾ ആണിത്. സ്കൂളിലെ വിദ്യാർത്ഥികൾ ഉപജില്ലാ തലത്തിൽ വിവിധ മൽസരങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

"എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം" പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. അക്കാദമിക മുന്നേറ്റം സാധ്യമാകുന്നതിന് വേണ്ടി മികച്ച ഭൗതിക സാഹചര്യങ്ങളാണുള്ളത്. മികച്ച പഠനാന്തരീക്ഷം , ഹരിതാഭ നിറഞ്ഞ ശാന്തമായ വിദ്യാലയ പരിസരം എന്നിവ അനുകൂലമായ ഘടകങ്ങളാണ്.

സമഗ്ര ഗുണ മേന്മ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ ഈ അദ്ധ്യയന വർഷം ജൂൺ 3 മുതൽ 13 ആം തീയതി വരെ വിവിധ വിഷയങ്ങളിൽ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ലഹരിയുടെ ഉപയോഗം തടയൽ, ട്രാഫിക് നിയമങ്ങൾ , ശുചിത്വം, ആരോഗ്യം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം , പരസ്പര സഹകരണം , എന്നിവയെല്ലാം ഇവയിൽ പ്രധാനപ്പെട്ടവയാണ്.

ഗുണകരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലെ ഓരോ പ്രവർത്തനവും മികച്ച വിദ്യാർഥികളെ സൃഷ്ടിക്കുവാൻ പര്യാപ്തമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# വിദ്യാലയ ചരിത്രം

1950 ൽ സ്ഥാപിതമായ ഈ സ്കൂൾ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡായ നാളിയാനിയിലാണ് സ്ഥിതി ചെയ്യുന്നത്. അന്ന് ഈ പ്രദേശത്ത് പൂച്ചപ്ര, ഇളംദേശം എന്നിവിടങ്ങളിൽ മാത്രമേ സ്കൂൾ ഉണ്ടായിരുന്നുള്ളു. തിരു-കൊച്ചി സംസ്ഥാനത്ത് ഹരിജന ക്ഷേമവകുപ്പ് നടത്തിയിരുന്ന വിദ്യാലയങ്ങളിൽ ഒന്നാണ് ഇത്. വനവാസി മഹാസഭയുടെ നേതൃത്വത്തിലാണ് അന്ന് ഈ സ്കൂൾ സ്ഥാപിച്ചത്. അന്ന് മുളകൊണ്ട് നിർമ്മിച്ച ബെഞ്ച്, മേശ എന്നിവയും ഈറ്റ കൊണ്ട് മേഞ്ഞ ഷെഡും ആണ് ഉണ്ടായിരുന്നത് ഐക്യ കേരളം രൂപീകൃതമായ ശേഷം ഈ സ്ഥാപനം പൊതു വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തു.

1960-ൽ 100 x 20 അളവിലുള്ള കെട്ടിടവും , 1964 -ൽ 40 x 20 അളവിലുള്ള കെട്ടിടവും പണിതു. 1998-99 കാലഘട്ടത്തിൽ 20 x 20 അളവിലുള്ള കെട്ടിടം നിർമ്മിക്കുകയുണ്ടായി. ഈ സ്കൂളിന് 49 സെൻറ് സ്ഥലമാണ് ഉള്ളത്. ആവശ്യത്തിന് കെട്ടിടവും,മൂത്രപ്പുര,പാചകപ്പുര, ടോയ്‌ലറ്റുകൾ എന്നിവയും ഉണ്ട്.

കളിസ്ഥലം അപര്യാപ്തമാണ്. കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ട്. യാത്രാസൗകര്യംഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഐ ടി ഡി പി യുടെ വിദ്യാവാഹിനി പദ്ധതി ഈ വർഷവും നടപ്പാക്കി വരുന്നു. പട്ടിക വർഗ വിദ്യാർഥികൾക്ക് യാത്രാസൗകര്യത്തിനായി ജീപ്പ് ഏർപ്പെടുത്തിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിന്റെ അമൃതം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് പ്രഭാതഭക്ഷണം നല്കി വരുന്നു. പുട്ട്,ഉപ്പുമാവ്,അട,ദോശ,ഇഡ്ഡലി,അപ്പം എന്നിവയും കടലക്കറി , ചട്ണി, കിഴങ്ങ്കറി, പഴം എന്നിങ്ങനെ വ്യത്യസ്തതരത്തിലുള്ള കറികളും മറ്റ് വിഭവങ്ങളും നല്കി വരുന്നു . സർക്കാരിന്റെ "പോഷൺ അഭിയാൻ" പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നല്കുന്നു. ആഴ്ചയിൽ 2 ദിവസം പാലും ഒരു ദിവസം മുട്ടയും നല്കുന്നു. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദേശംഅനുസരിച്ച് ആഴ്ചയിൽ ഒരു ദിവസം അയൺ ഗുളിക നല്കുന്നു.

സ്കൂളിന്റെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ പച്ചക്കറിത്തോട്ടം പരിപാലിക്കുന്നു. മാലിന്യ സംസ്കരണം ഭംഗിയായി നടപ്പിലാക്കുന്നു.ഈ അധ്യയന വർഷത്തിൽ 24 കുട്ടികളും 4 അധ്യാപകരും ഒരു P T C M ഉൾപ്പടെ എല്ലാ തസ്തികകളിലും സ്ഥിര ജീവനക്കാരുണ്ട്. അധ്യയന ദിവസങ്ങൾ സുഗമവും കാര്യക്ഷമവും തൃപ്തികരവുമായ രീതിയിൽ മുന്നോട്ട് പോകുന്നു.

# അക്കാദമിക മികവ്

# പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ്പഠനം എളുപ്പമാക്കൽ
- ശാസ്ത്ര വികസനം
- വായനാശേഷി വർദ്ധിപ്പിക്കൽ
- ജൈവ വൈവിധ്യ പാർക്ക്
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- സ്കൂൾ പത്രം,മാസികകൾ
- പഠനയാത്രകൾ
- ക്ലാസ് പി ടി എ കാര്യക്ഷമാക്കൽ
- പ്രവൃത്തിപരിചയം പരിശീലനം
- കല -കായിക വികസനം
- പച്ചക്കറിത്തോട്ടം
- മെഡിക്കൽ ക്യാമ്പുകൾ,ചിത്ര രചനാ ക്യാമ്പ്
- പ്രഭാത -ഉച്ചഭക്ഷണ -ലഘുഭക്ഷണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കൽ
- രക്തഗ്രൂപ്പ് നിർണ്ണയം
- ആരോഗ്യം,വ്യായാമം,കായികക്ഷമത വികസനം
- ദിനാചരണങ്ങൾ
- ശിൽപശാലകൾ
- ഐ ടി വികസനം
- ശാസ്ത്ര,ഗണിതശാസ്ത്ര,സാമൂഹ്യശാസ്ത്ര മേളകൾ
- സ്കൂൾ ലൈബ്രറി നവീകരിക്കൽ
- സർഗാത്മക ശേഷി വികസനം
- കിഡ്സ് പാർക്ക്

# പ്രവർത്തനം -വിശദാംശങ്ങൾ

## ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

### പ്രവർത്തനം 1 : ഭാഷശേഷി വികസനം – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും ,എഴുതാനും,സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക . | ഇംഗ്ലീഷ് ക്ലാസ്സുകൾ,ഇംഗ്ലീ-ഷിൽ കൈകാര്യം ചെയ്യൽ | ഒരു വർഷം മുഴുവൻ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ ,കാര്യക്ഷമമാക്കൽ ഇംഗ്ലീഷ് പ്രസംഗം ,സോങ്സ് ,സ്റ്റോറീസ്,കോൺവെർസേഷൻസ് | ആഴ്ച്ചയിൽ ഒരു ദിവസം | ക്ലബ് സെക്രട്ടറി , ടീച്ചേർസ് | |
| | ഇംഗ്ലീഷ് ഡയറി | എല്ലാ ദിവസങ്ങളിലും തുടർച്ചയായി | ക്ലാസ് ടീച്ചർ | |

### പ്രവർത്തനം 2 : ഇംഗ്ലീഷ് തീയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് കഥകൾ , കവിതകൾ , രചനാ ക്യാമ്പുകൾ , ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി. റ്റി. എ , പ്രാദേശിക സഹായം |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | പാഠഭാഗത്തെ വ്യതസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു. ഉദാ: **Skit , Drama, Coversation** | ആഴ്ച്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ | പി. റ്റി. എ |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ആഴ്ച്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ | പി. റ്റി. എ |
| | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വ്യാകരണ ക്ലാസ്സുകൾ | ആഴ്ച്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ | പി. റ്റി. എ , 1000 രൂപ (റിഫ്രെഷ്മെന്റ്) |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഉൾക്കൊള്ളിക്കൽ | ആഴ്ച്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | വായനാക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ച്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| കുട്ടികളുടെ രചന സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കീപീഡിയയിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

## ഉപമേഖല: മലയാളം

### പ്രവർത്തനം 1 : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി | അക്ഷരം ഉറപ്പിക്കൽ | 1 വർഷം | മലയാളം അദ്ധ്യാപകർ SRG | പി. റ്റി. എ |
| | ചിഹ്നം ഉറപ്പിക്കൽ | 1 വർഷം | മലയാളം അദ്ധ്യാപകർ SRG | പി. റ്റി. എ |
| | പദ നിർമ്മാണം | 1 വർഷം | മലയാളം അദ്ധ്യാപകർ SRG | പി. റ്റി. എ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വാക്യ നിർമ്മാണം | 1 വർഷം | മലയാളം അദ്ധ്യാപകർ | പി. റ്റി. എ |
| | ഭാഷാപരമായി പിന്നോക്കകാർക്ക് പ്രത്യേക ക്ലാസ്സ് | 1 വർഷം | മലയാളം അദ്ധ്യാപകർ | പി. റ്റി. എ |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | വായനാക്കൂട്ടം | 1 വർഷം | വിദ്യാർഥികൾ | പി. റ്റി. എ |
| | ക്ലാസ് ലൈബ്രറി നവീകരണം | | വിദ്യാർഥികൾ | പി. റ്റി. എ |
| | ക്ലാസ് നിലവാരമനുസരിച്ചുള്ള പുസ്തകം ലഭ്യമാക്കൽ | ആവിശ്യമനു- സരിച്ച് | മലയാളം അദ്ധ്യാപകർ SRG | പി. റ്റി. എ 10000/- |
| | വായനോൽസവം | 3 മാസത്തിൽ ഒരിക്കൽ | മലയാളം അദ്ധ്യാപകൻ | |
| | പത്രവായന | വർഷം മുഴുവൻ | മലയാളം അദ്ധ്യാപകൻ | |
| പത്രവായന പരിപോഷിപ്പിക്കൽ | സ്പോൺസർഷിപ്പിലൂടെ പത്രങ്ങൾ ലഭ്യമാക്കൽ | 1 വർഷം | വിദ്യാർഥികൾ | പി. റ്റി. എ |
| | ഓരോ ക്ലാസ്സിനും ഓരോ പത്രം | | മലയാളം അദ്ധ്യാപകൻ | പി. റ്റി. എ |
| | പ്രധാന വാർത്തകൾ അവതരണം (അസംബ്ലി) | ദിവസേന | | പി. റ്റി. എ |
| | പത്ര ക്വിസ് | | | |
| സർഗ്ഗാത്മക ശേഷി വികസനം | വായന അനുഭവം പങ്കുവെക്കൽ | വർഷത്തിൽ 2 തവണ | SRG | പി. റ്റി. എ |
| | സാഹിത്യ ക്വിസ്, കവിതാരചന മൽസരം | 3 മാസത്തിൽ ഒന്ന് | വിദ്യാർഥികൾ | |
| | പത്രം പ്രസിദ്ധീകരിക്കൽ (ക്ലാസ് തലം . സ്കൂൾ തലം) | മാസത്തിൽ ഒന്ന് | വിദ്യാർഥികൾ SRG | പി. റ്റി. എ 15000/- (സ്പോൺസർഷിപ്പ്) |
| | പുസ്തക ചർച്ച , വായന | മാസത്തിൽ ഒന്ന് | വിദ്യാർഥികൾ | പി. റ്റി. എ |
| | അമ്മമാർക്കൊരു പുസ്തകം | ആഴ്ച്ചയിൽ ഒന്ന് | വിദ്യാർഥികൾ | പി. റ്റി. എ |

## ഉപമേഖല: ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | പ്രധാന ദിനങ്ങൾ ആചരിക്കൽ , പഠന പ്രവർത്തനങ്ങൾ രൂപീകരിക്കൽ | ജൂൺ - മാർച്ച് | SRG | |

## ഉപമേഖല: സാമൂഹികം
## ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പഠനം കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരികുന്ന പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കൽ , വിതരണം ചെയ്യൽ | വർഷത്തിൽ ഒരു തവണ<br>ആഴ്ച്ചയിൽ ഒരുതവണ | ക്ലാസ് ടീച്ചർ | |

## ഉപമേഖല: പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്ര സ്മാരകങ്ങൾ , മ്യൂസിയങ്ങൾ , ചുമർ ചിത്രങ്ങൾ , ക്ഷേത്ര കലകൾ , കോട്ടകൾ എന്നിവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ , ചരിത്ര സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ ഒരു തവണ | ക്ലബ് സെക്രട്ടറി , SRG | പി. റ്റി. എ |

## ഉപമേഖല: ആരോഗ്യമുള്ള ശരീരം-മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും രൂപപ്പെടുത്തി വിദ്യാഭ്യാസം ഫലപ്രദമാക്കൽ | വ്യായാമം , യോഗ , സ്പോർട്സ് , എന്നിവയിൽ പരിശീലനം | ആഴ്ച്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ | 10000/- വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല: സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾമൽസര പരീക്ഷയിലൂടെ ലഭ്യമാക്കൽ | ചിട്ടയായ പരിശീലനം , ചോദ്യ പേപ്പർ വിശകലനം മോഡൽ പരീക്ഷകൾ | 6 മാസം | ക്ലാസ് അധ്യാപകൻ | |

# മേഖല : അക്കാദമികം സാമൂഹികം

## ഉപമേഖല : CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ രക്ഷിതാക്കളും കുട്ടികളുടെ നിലവാരം മനസ്സിലാക്കുകയും പോരായ്മകൾ പരിഹരിച്ച് കൂടുതൽ മികച്ചവരാക്കുകയും ചെയ്യൽ | **CPTA** യോഗം കാര്യക്ഷമാക്കൽ | വർഷം മുഴുവൻ | പി. റ്റി. എ കമ്മറ്റി | പി. റ്റി. എ |

# മേഖല : സാമൂഹികം

## ഉപമേഖല: പ്രഭാത, ഉച്ചഭക്ഷണ ,ലഘുഭക്ഷണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ എല്ലാ കുട്ടികൾക്കും വിഭവ സമൃദ്ധമായ പ്രഭാത ഭക്ഷണം , ഉച്ചഭക്ഷണം എന്നിവ ലഭ്യമാക്കൽ , ഇടവേളകൾ പ്രത്യേക മീറ്റിങ്ങുകൾ എന്നീ സമയങ്ങളിൽ ലഘുഭക്ഷണം നൽകൽ | ഭക്ഷണത്തിൽ പാൽ, മുട്ട, മൽസ്യം, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ , പച്ചക്കറികൾ , പഴങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി ഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കൽ . “ഒരുമായോടെ ഒരു മനസ്സായി” പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് വിശേഷ വിഭവങ്ങൾ നൽകൽ | വർഷം മുഴുവൻ | ഉച്ചഭക്ഷണ കമ്മറ്റി | |
| കുട്ടികളുടെ മികവ് , പോരായ്മ എന്നിവ തിരിച്ചറിയുകയും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പ് വരുത്തുകയും ചെയ്യുക | കുട്ടികളുടെ പഠന നേട്ടങ്ങൾ , പഠനത്തെളിവുകൾ എന്നിവയുടെ അവതരണം | 3 മാസത്തിൽ ഒരിക്കൽ | ക്ലബ് സെക്രട്ടറി , SRG | |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ ലളിതമായ പരിശീലനങ്ങളിലൂടെ യുള്ള കുട്ടികളുടെ അവതരണം , പരീക്ഷണക്കളരി , പരീക്ഷണം പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | 10000/- പി. റ്റി. എ |
| | സ്കൂൾ തല ശാസ്ത്ര എക്സിബിഷൻ<br>സർവ്വെ, അഭിമുഖം , നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | പി. റ്റി. എ |
| ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോൽസാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ് | പി. റ്റി. എ |
| പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ ഉപയോഗപ്പെടുത്തൽ | സ്കൂളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യ- മുള്ള വൈദ്യുതി ലഭ്യമാക്കൽ | ഒരു വർഷം | പി. റ്റി. എ | എം. എൽ. എ / എം. പി ഫണ്ട് 6 ലക്ഷം |
| പഠന പിന്നോക്കവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി എന്നിങ്ങനെയുള്ള തലത്തിൽ പരിശീലനം | ആഴ്ച്ചയിൽ ഒരു ദിവസം | SRG, സയൻസ് ടീച്ചർ | |
| ശാസ്ത്ര മാസിക , ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ശാസ്ത്ര സംബന്ധമായ കുട്ടികളുടെ അറിവുകൾ ലേഖനങ്ങൾ , കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക , ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ആറ് മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| മോഡൽ നിർമ്മാണം | പരിസര പഠനവുമായി ബന്ധപ്പെട്ട മോഡൽ നിർമ്മാണം | ഒരു മാസം | SRG | 2500/- പി. റ്റി. എ |

## ഉപമേഖല: പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | സ്കൂളിലെ ജൈവ വൈവിധ്യ പാർക്കിൽ കൂടുതൽ സസ്യങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തൽ , ജൈവ വൈവിധ്യ പന്തൽ ഒരുക്കൽ | മൂന്ന് മാസം | ഇക്കോ ക്ലബ് | 2000/- പി. റ്റി. എ |
| സ്കൂളിലെ മുറ്റത്ത് ഔഷധത്തോട്ടം നിർമ്മിക്കൽ | കൂടുതൽ ഔഷധ സസ്യങ്ങൾ വളർത്തി എല്ലാ സസ്യങ്ങൾക്കും നാമകരണം ചെയ്യൽ | മൂന്ന് മാസം | ഇക്കോ ക്ലബ് | 2000/- പി. റ്റി. എ |
| ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവവൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗിച്ച് നേർ അനുഭവം ഉണ്ടാക്കൽ | മൂന്ന് മാസം | ഇക്കോ ക്ലബ് | |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം ലളിതമാക്കൽ | ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുക. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | രണ്ട് മാസം | പി. റ്റി. എ , ഗണിത അധ്യാപകൻ | 2000/- പി. റ്റി. എ |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു. ക്ലാസിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ഒരു മാസം | ഗണിത അധ്യാപകൻ | |

## ഉപമേഖല: പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ | ഒരു മാസം | SRG | 5000/- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലകളിലും അഭിരുചിയുള്ള കുട്ടികൾക്ക് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നലകൽ | ആഴ്ച്ചയിൽ രണ്ട് ദിവസം | SRG | 10,000/- പി. റ്റി. എ |

## ഉപമേഖല: കലാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | • കുട്ടികളുടെ ജന്മവാസനകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പി-കുന്നു.<br>• സംഗീതം, നൃത്തം, അഭിനയം, കഥാ രചന , കവിതാലാപനം , ഉപകരണ സംഗീതം , തുടങ്ങി വിത്യസ്ഥ കഴിവുകളുള്ള കുട്ടികൾക്ക് പരിശീലനം നൽകൽ | ഒരു വർഷം | SRG, കല അധ്യാപകൻ | 1000/- പി. റ്റി. എ |

## ഉപമേഖല: സ്വയം തൊഴിൽ നൈപുണ്യ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വയം തൊഴിൽ പരിശീലനം | മൽസ്യം വളർത്തൽ , സ്കൂളിലെ ടാങ്കിൽ വിവിധ തരത്തിലുള്ള മൽസ്യത്തെ വളർത്തുന്നു | ഒരു വർഷം | അധ്യാപകൻ | 2000/- പി. റ്റി. എ |
| കൃഷിയിൽ ആഭിമുഖ്യവും വളർത്തൽ സ്വയം തൊഴിലിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ | പച്ചക്കറി തോട്ടം | ഒരു വർഷം | പി. റ്റി. എ | പഞ്ചായത്ത് |
| | നാട്ട്മാവ് സംരക്ഷണം | | പി. റ്റി. എ | |
| | സൗജന്യ തുന്നൽ പരിശീലനം | ആറ് മാസം | പി. റ്റി. എ | പി. റ്റി. എ 3000/- |
| | വൃക്ഷതൈകൾ നട്ട് വളർത്തൽ | ആറ് മാസം | അധ്യാപകർ , പി. റ്റി. എ , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | പി. റ്റി. എ 2000/- |

## ഉപമേഖല: ഹൈടെക് ക്ലാസ്മുറികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഹൈടെക് ക്ലാസ് മുറികൾ സൃഷ്ക്കൽ<br>• വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടുകയും സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യൽ | ജനപ്രതിനിധികൾ , പൂർവ്വ വിദ്യാർഥികൾ , തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ ഹൈടെക് ക്ലാസ് മുറികൾ സൃഷ്ടിച്ച് വിവര സാങ്കേതിക വിദ്യയിലൂടെ കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ | ഒരു വർഷം | SRG, പി. റ്റി. എ | എം. പി / എം. എൽ. എ ഫണ്ട് . തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / ജനപ്രതിനിധികൾ / പൂർവ്വ വിദ്യാർഥികൾ 200,000/- |

## ഉപമേഖല: കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ , നല്ല വ്യക്തിത്വമുള്ളവരാക്കൽ | • ആത്മവിശ്വാസം, ധൈര്യം എന്നിവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>• ഗൃഹസന്ദർശനം , അഭിമുഖം , നിരീക്ഷണം , പ്രശ്നപരിഹാരം , തുടങ്ങിയ വിവിധങ്ങളായ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിങ് ഫലപ്രദമാക്കൽ (ഇൻഡിവിഡ്വൽ ഗ്രൂപ്പ്) | മാസത്തിലൊരി-ക്കൽ | കൗൺസിലിങ് അധ്യാപകൻ | 2000/-<br>പി. റ്റി. എ |

## ഉപമേഖല: കയിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ.<br>• ഉപജില്ലാ ,ജില്ല, സംസ്ഥാന തലങ്ങളിൽ മുന്നിലെത്തിക്കൽ . | • കുട്ടികളുടെ കായിക മികവനുസരിച്ച് താല്പര്യമുള്ള കളികളിൽ പരിശീലനം നൽകി മികവിലെത്തി-ക്കൽ .<br>• സ്പോർട്സ് വ്യായാമം എന്നിവയിൽ നിരന്തരമായ പരിശീലനം | ഒരു വർഷം<br>എല്ലാ ആഴ്ച്ചയിലും | കായിക അധ്യാപകൻ<br>കായിക അധ്യാപകൻ | പി. റ്റി. എ<br>2000/- |
| കായിക ക്ഷമത , സഹവാസ ക്യാമ്പുകൾ | കായികം, കല , സൻമാർഗ്ഗം , എന്നിവയിൽ അധിഷ്ഠിതമായ സഹവാസ ക്യാമ്പുകൾ , പരിശീലനങ്ങൾ | വർഷത്തിൽ ഒരിക്കൽ | പി. റ്റി. എ<br>SRG | 5000/- |

# ഉപസംഹാരം

നാളിയാനി ഗവ.ട്രൈബൽ സ്കൂളിന്റെ ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോൻമുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ എല്ലാവരുടെയും സഹായം ലഭ്യമാകുമെന്നാണ് വിശ്വാസം. ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ ഒരു മുതൽ കൂട്ടാകുമെന്ന പൂർണ്ണ വിശ്വാസമാണുള്ളത്.